Draft #5 of File 21256/ACA1 SO/Part File 1/2020 Approved by ASSISTANT REGISTRAR I (ACADEMIC) on 02-Nov-2021 02:30 PM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2019-20 അക്കാദമിക വർഷത്തെ ഗ്രേസ് മാർക്കിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് Late Fee /Fine അടക്കുന്നതിൽ നിന്നും ഒഴിവാക്കി, 15.11.2021 വരെ സമയപരിധി ദീർഘിപ്പിച്ചുനൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5826/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.11.2021

---

*പരാമർശം:*-1.നമ്പർ 3499/AC A 1/2020/എം.ജി.യു. തീയതി 30.07.2020

**ഉത്തരവ്**

കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, വിദ്യാർത്ഥികളെ, സർവ്വകലാശാലയിലേക്ക് അടക്കേണ്ടിവരുന്ന Late fee / Fine എന്നിവയിൽ നിന്ന് 2020 സെപ്റ്റംബർ 30 വരെ ഒഴിവാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ അനുവദനീയമായ ഈ സമയപരിധിക്ക് ശേഷം, ഏതാനും വിദ്യാർത്ഥികൾ, തങ്ങളുടെ 2019 - 2020 അക്കാദമിക് വർഷത്തെ ഗ്രേസ് മാർക്കിനുള്ള അപേക്ഷ സമർപ്പിക്കുകയും, അപേക്ഷ വൈകി സമർപ്പിച്ചതുമൂലമുള്ള ഫൈൻ ഒഴിവാക്കി നല്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിവേദനം സമർപ്പിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത നിവേദനം വൈസ് ചാൻസലർ പരിഗണിക്കുകയും, മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 , അദ്ധ്യായം III , സെക്ഷൻ 10(17) അനുസരിച്ചുള്ള അധികാരമുപയോഗിച്ച്, 2019-20 അക്കാദമിക വർഷത്തെ ഗ്രേസ് മാർക്കിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് Late Fee / Fine അടക്കുന്നതിൽ നിന്നും ഒഴിവാക്കി 2021 നവംബർ 15 വരെ സമയപരിധി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവാകുകയും ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
4..ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ

5..പി.ആർ.ഒ / എൻകചയറി/ ഐ.ക്യൂ.എ .സി / സിറ്റാഡ് / കണ്ടെന്റ് മാനേജ്മെന്റ്
സെക്ഷനുകൾ
6.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 21256/ACA1 SO/Part File 1/2020 Approved by ASSISTANT REGISTRAR I (ACADEMIC) on 02-Nov-2021 02:30 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം